(രജിസ്റ്റർ ചെയ്ത കൈപ്പറ്റ ചീട്ടു സഹിതം)

നം.കെ.എസ്എ-ഐ.ഡി.കെ-11/915/2017

കേരള സ്റ്റേറ്റ് ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം,ഇടുക്കി
തൊടുപുഴ,തീയതി:06.07.2017
Ph:04862-227332
E-mail:doidk.ksad@kerala.gov.in

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ്
(സെക്രട്ടറി മുഖേന)

പള്ളിവാസൽ ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : പള്ളിവാസൽ ഗ്രാമപഞ്ചായത്ത് - 2016-17 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട്-സംബന്ധിച്ച്

*****

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പള്ളിവാസൽ ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2, 3എന്നിവയിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1) ഡയറക്ടർ, കേരള സ്റ്റേറ്റ് ഓഡിറ്റ് വകുപ്പ് , തിരുവനന്തപുരം

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ

3)കാര്യാലയ പകർപ്പ്

നം.കെ.എസ്എ-ഐ.ഡി.കെ-11/915/2017

തിയതി:06.07.2017

## ഇടുക്കി ജില്ലയിലെ പള്ളിവാസൽ ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ഇടുക്കി ജില്ലയിലെ പള്ളിവാസൽ ഗ്രാമപഞ്ചായത്തിന്റെ 2016-17സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 17.10.2016 മുതൽ 11.06.2017തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 10 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 5 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | |
|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീമതി.എം.വി.സിനി, ഡെപ്യൂട്ടി ഡയറക്ടർ | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 22.06.2017 മുതൽ 28.06.2017 വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ വിനോദ് കെ.കെ. | ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേഡ്) |
| | ശ്രീ സജിമോൻ വി.ജി. | അസി. ഓഡിറ്റ് ഓഫീസർ |
| | ശ്രീ ജിബി ഇ.വി. | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | ശ്രീ ജോസഫ് ചാക്കോ | സീനിയർ ഗ്രേഡ് ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| പ്രസിഡന്റ് | കുമാരി തുളസീഭായി കൃഷ്ണൻ | 01.04.16 മുതൽ 31.03.17 വരെ |
| സെക്രട്ടറി | ശ്രീ ഹരി പുരുഷോത്തമൻ | 01.04.16 മുതൽ 31.03.17 വരെ |
| നിർവ്വഹണ ഉദ്യോഗസ്ഥർ | | |

| | | |
|---|---|---|
| അസി. സെക്രട്ടറി | ശ്രീ സജീവ് പി.പി. | 01.04.16 മുതൽ 31.03.17 വരെ |
| അസി. എൻജിനീയർ | ശ്രീ അനന്തകൃഷ്ണൻ | 01.04.16 മുതൽ 31.03.17 വരെ |
| കൃഷി ഓഫീസർ | ശ്രീമതി സിജി എം.എ. | 01.04.16 മുതൽ 31.03.17 വരെ |
| വെറ്ററിനറി സർജൻ | ഡോ. ജിം കെ. കിഴക്കുടൻ | 01.04.16 മുതൽ 31.03.17 വരെ |
| വി.ഇ.ഒ. | ശ്രീ ജോസൻ മാത്യൂ | 01.04.16 മുതൽ 04.08.16 വരെ |
| | ശ്രീ സജീവ് കെ.കെ. | 05.08.16 മുതൽ 31.10.16 വരെ |
| | ശ്രീ സുനിൽ എം. എസ്. | 01.11.16 മുതൽ 31.01.17 വരെ |
| | ശ്രീ ആനന്ദ് ശശി. | 01.02.17 മുതൽ 31.03.17 വരെ |
| മെഡിക്കൽ ഓഫീസർ,പി.എച്ച്.സി. | ഡോ. അജിത് പ്രശാന്ത് പി. | 01.04.16 മുതൽ 31.03.17 വരെ |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി ജമീല റ്റി.എ. | 01.04.16 മുതൽ 30.06.16 വരെ |
| | ശ്രീമതി മേഴ്സി എ.എ. | 01.07.16 മുതൽ 31.03.17 വരെ |
| ഡയറി ഫാം ഇൻസ്ട്രക്ടർ | ശ്രീ നാരായണൻ നമ്പൂതിരി പി. | 01.04.16 മുതൽ 31.03.17 വരെ |

ഉള്ളടക്കം


| ക്രമ നം. | ഭാഗം - 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക | 1-2 |
| 3 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |

| | | |
|---|---|---|
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | തനത് വരുമാനം | 1-7 |
| 8 | ക്ഷേമപദ്ധതികൾ | 1-8 |
| 9 | ക്യാഷ് പരിശോധന | 1-9 |
| 10 | ആഭ്യന്തര നിയന്ത്രണം | 1-10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| 12 | ഇടപാടുകൾ നടക്കാത്ത ബാങ്ക് അക്കൗണ്ടുകൾ ക്ലോസ് ചെയ്യാത്തത്. | 1-12 |
| | ഭാഗം – 2 | |
| 13 | വസ്തുനികുതി നിർണ്ണയിച്ചതിൽ നിരക്ക് വ്യതിയാനം മൂലം നികുതി നഷ്ടം | 2-1 |
| 14 | പൂർത്തീകരണ പ്ലാൻ പ്രകാരമുള്ള നിർമ്മാണം നടത്താതെ കെട്ടിടത്തിന് നികുതി നിർണ്ണയിച്ച് കെട്ടിട നമ്പർ നൽകിയിരിക്കുന്നു. | 2-2 |
| 15 | ബഹുനില കെട്ടിടത്തിന് നമ്പർ നൽകി നികുതി നിർണ്ണയിച്ചതിലെ അപാകത | 2-3 |
| 16 | വസ്തു നികുതി നിർണ്ണയ രജിസ്റ്റർ കൃത്യമായി സൂക്ഷിക്കുന്നില്ല | 2-4 |
| 17 | വാടക കുടിശ്ശിക ഈടാക്കിയിട്ടില്ല | 2-5 |
| 18 | ഡി.& ഒ. ലൈസൻസ് നിയമാനുസൃത കാലയളവിൽ പുതുക്കുന്നതിൽ വീഴ്ച | 2-6 |
| 19 | സർക്കാർ നിർദ്ദേശത്തിന്റെ പിൻബലമില്ലാതെ വസ്തുനികുതി | 2-7 |
| | ഭാഗം – 3 | |
| 20 | പി.എച്ച്.സി-യ്ക്ക് മരുന്ന് വാങ്ങൽ - മരുന്നുകൾ ലഭ്യമായിട്ടില്ല – ചെലവ് തടസ്സം - 100000/- | 3-1 |
| 21 | വ്യക്തിഗത കക്കൂസ് നിർമ്മാണം - അനർഹർക്ക് തുക നൽകിയത് | 3-2 |
| 22 | ജവഹർ ഭവന പദ്ധതി - അനാവശ്യമായി പണം പിൻവലിച്ച് ബാങ്കിൽ നിക്ഷേപിച്ചിരിക്കുന്നത് | 3-3 |

| | | |
|---|---|---|
| | ഭാഗം – 4 | |
| 23 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 24 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകകളുടെ വിവരം | 4-2 |
| 25 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |
| 26 | വായ്പ/വായ്പ തിരിച്ചടവ് | 4-4 |
| 27 | സ്ഥിര നിക്ഷേപങ്ങൾ | 4-5 |
| 28 | ഓഡിറ്റ് റിക്കവറി | 4-6 |
| 29 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ടിട്ടുള്ള ഖണ്ഡികകളുടെ വിശദാംശങ്ങൾ | 4-7 |
| 30 | ഓഡിറ്റ് പ്രത്യവലോകനം | 4-8 |
| 31 | തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-9 |


# ഭാഗം 1

## പൊതു അവലോകനം

### 1-1 ബജറ്റ്

2016-17 വർഷത്തെ ബജറ്റ് 16.03.2016 തിയതിയിലെ തീരുമാനം (1) പ്രകാരം അംഗീകരിച്ചു. ബജറ്റ് പ്രകാരം പ്രതീക്ഷിച്ചിരുന്ന ആകെ വരവ് ₹85473057/- (മുന്നിരിപ്പ് ₹24336072/- ഉൾപ്പെടെ) ആകെ ചെലവ് ₹59480618/- നീക്കിയിരിപ്പ് ₹25932439/- എന്നിങ്ങനെയാണ്.

### 1-2 വാർഷിക ധനകാര്യ പത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2017 | 22.05.2017 | - | - |

### 1-3 വാർഷിക കണക്ക് പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

അനുബന്ധം-1-ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | ₹1,23,91,881/- |
| വരവ് | ₹6,14,64,948/- |
| ആകെ | ₹7,38,56,829/- |
| ചെലവ് | ₹5,56,06,415/- |
| നീക്കിയിരിപ്പ് | ₹1,82,50,414/- |

## 1-5 ഫണ്ട് വിനിയോഗം (എ.സി.ആർ.പ്രകാരം)

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | ചെലവ് ശതമാനം |
|---|---|---|---|---|---|
| പൊതുവിഭാഗം | 0 | 11595946 | 11595946 | 8451331 | 72.88 |
| എസ്.സി.പി. | 0 | 8031573 | 8031573 | 6035353 | 75.15 |
| ടി.എസ്.പി. | 0 | 180411 | 180411 | 179961 | 99.75 |
| റോഡ് | 0 | 3945552 | 3945552 | 1618393 | 41.02 |
| നോൺറോഡ് | 0 | 3307965 | 3307965 | 842134 | 25.46 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 6502958 | 6502958 | 0 | 0 |
| പെർഫോമൻസ് ഗ്രാന്റ് സെൻട്രൽ | 0 | 2806356 | 2806356 | 1925386 | 68.61 |
| പെർഫോമൻസ് ഗ്രാന്റ് സ്റ്റേറ്റ് | 0 | 895081 | 895081 | 0 | 0 |
| എം.ജി.എൻ.ആർ.ഇ.ജി.എസ്. | 5213 | 19382463 | 19387676 | 19341847 | 99.76 |
| ബി ഫണ്ട് (തൊഴിൽ രഹിത വേതനം) | 0 | 22140990 | 22140990 | 22140990 | 100 |

## 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 132 | 66243262 | 45 | 38216274 | 24 | 63 | 34.09% |

പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ

-ഇല്ല-

## 1-7 തനത് വരുമാനം.

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തിക വർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം 24.91% കൂടുതലുണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം ₹ | തൻവർഷം ₹ | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 12298962 | 15299466 | 3000504 | 24.40 |
| നികുതിയേതര വരവുകൾ | 1350969 | 1326689 | -24280 | -1.80 |
| മറ്റുവരവുകൾ | 206808 | 682116 | 475308 | 229.83 |
| ആകെ | 13856739 | 17308271 | 3451532 | 24.91 |

## 1-8 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 52560 | 36 |
| കർഷകതൊഴിലാളി പെൻഷൻ | 1404770 | 181 |
| വിധവാപെൻഷൻ | 5274090 | 500 |
| വാർദ്ധക്യകാലപെൻഷൻ | 13676890 | 978 |
| വികലാംഗപെൻഷൻ | 1653700 | 150 |
| 50 വയസു കഴിഞ്ഞ അവിവാഹിതർക്കുള്ള പെൻഷൻ | 78980 | 7 |

## 1-9 ക്യാഷ് വേരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 24-6-17ന് സ്ഥാപനത്തിന്റെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 864/-രൂപ ക്യാഷ് ബാലൻസിന്റെ/നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തരനിയന്ത്രണം.

ഫ്രണ്ട് ഓഫീസിൽ പൊതു ജനങ്ങൾക്കായി സർക്കാർ നിർദ്ദേശപ്രകാരമുള്ള ഭൗതിക സൗകര്യങ്ങളൊരുക്കിയിട്ടില്ല. പഞ്ചായത്തിൽ ലഭിക്കുന്ന തപാലുകളുടെ നടപടി പുരോഗതി നിരീക്ഷിക്കുന്നതിനുള്ള സൂചിക സോഫ്റ്റ് വെയർ സംവിധാനം യഥാവിധി നടപ്പാക്കിയിട്ടില്ല. തൻവർഷത്തെ ഗുണഭോക്തൃ ലിസ്റ്റ് അച്ചടിച്ച് പ്രസിദ്ധീകരിച്ചിട്ടില്ല. മറ്റ് നികുതി രജിസ്റ്ററുകൾ പരിപാലിക്കുന്നുണ്ടെങ്കിലും വസ്തു നികുതി നിർണ്ണയ രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

## 1-12 പണ ഇടപാടുകൾ നടക്കാത്ത ബാങ്ക് അക്കൗണ്ടുകൾ ക്ലോസ് ചെയ്യാത്തത്.

വി.ഇ.ഒ.യുടെ പേരിലുള്ള താഴെപ്പറയുന്ന ബാങ്ക് അക്കൗണ്ടുകളിൽ നിലവിൽ ഇടപാടുകൾ നടക്കുന്നില്ല എന്ന് കാണുന്നു.

| ക്രമ നം. | ബാങ്ക് | അക്കൗണ്ട് നം. | പാസ്സ് ബുക്കിലെ ഒടുവിലത്തെ ഇടപാട് തീയതി | അവശേഷിക്കുന്ന തുക |
|---|---|---|---|---|
| 1 | SCB, കല്ലാർ | A/c No.4946 | 3-10-2011 | 254555/- |
| 2 | SBT, അടിമാലി | 57048045966 | 27-6-2013 | 38702/- |
| 3 | SBT, അടിമാലി | 57048045977 | 30-9-2016 | 333752/- |

ഈ അക്കൗണ്ടുകളുടെ ഇപ്പോഴത്തെ ബാലൻസ് തുകയും, ഏത് ആവശ്യത്തിലേയ്ക്കായി തുറന്നുവെന്നും, നിലവിൽ ഉപയോഗിക്കുന്നുണ്ടോയെന്നും അറിയാൻ കഴിഞ്ഞിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.5/24-6-117) മറുപടി ലഭ്യമാക്കിയിട്ടില്ല. നിലവിൽ ഉപയോഗിക്കാത്തതായ ബാങ്ക് അക്കൗണ്ടുകൾ ക്ലോസ് ചെയ്ത് തുക അതാത് ഹെഡിലേയ്ക്ക് തിരിച്ചടയ്ക്കേണ്ടതാണ്.

## 1-13 ഗുണഭോക്തൃ ലിസ്റ്റ് പ്രസിദ്ധീകരിച്ചില്ല.

ഗ്രാമ പഞ്ചായത്ത് നൽകുന്ന വിവിധ ആനുകൂല്യങ്ങൾക്ക് അർഹരായ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിൽ മാർഗ്ഗ നിർദേശങ്ങൾ ശരിയായി പാലിക്കുന്നില്ല എന്ന് കാണുന്നു. ഗ്രാമ സഭ വഴി തെരഞ്ഞെടുക്കുന്ന ഗുണഭോക്താക്കളുടെ പട്ടിക അച്ചടിച്ച് ഒരു പൊതു രേഖയായി പ്രസിദ്ധപ്പെടുത്തണം എന്ന സർക്കാർ ഉത്തരവ് നം.220/97/ത.ഭ.വ.തിയതി 2.10.1997-ലെ നിർദേശങ്ങൾ പാലിച്ചിട്ടില്ല. പ്രസിദ്ധീകരിച്ച ഗുണഭോക്തൃ ലിസ്റ്റാണ് നിർവ്വഹണ ഉദ്യോഗസ്ഥർക്ക് നൽകേണ്ടത്. എന്നാൽ 2016-17 വർഷത്തിൽ അപ്രകാരം ചെയ്തിട്ടില്ല. നിർവ്വഹണ ഉദ്യോഗസ്ഥർ ആവശ്യപ്പെടുമ്പോൾ അവർ നിർവ്വഹണം നടത്തുന്ന പദ്ധതികൾക്കുള്ള ഗുണഭോക്താക്കളുടെ ലിസ്റ്റ് മാത്രം കൈമാറുന്ന രീതിയാണ് തുടർന്നു പോരുന്നത്. ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ളവർ ഗ്രാമസഭ വഴി തെരഞ്ഞെടുത്തിട്ടുള്ളവർ തന്നെയാണന്ന് നിർവ്വഹണ ഉദ്യോഗസ്ഥർക്ക് ഉറപ്പുവരുത്തുവാൻ ഇതുമൂലം കഴിയാതെ വരുന്നു. ഗുണഭോക്തൃ തെരഞ്ഞെടുപ്പും പദ്ധതി നിർവ്വഹണവും സുതാര്യമാക്കുവാൻ സർക്കാർ ഉത്തരവിൽ നിഷ്കർഷിച്ചിരിക്കുന്ന വ്യവസ്ഥകൾ പാലിക്കുന്നുവെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 2-1 വസ്തുനികുതി നിരക്ക് വ്യതിയാനം മൂലം വരവിൽ കുറവ്

പള്ളിവാസൽ ഗ്രാമ പഞ്ചായത്തിൽ 2016-17 ഒന്നാം അർദ്ധവർഷം 20.04.2016ൽ നികുതി നിർണ്ണയിച്ച താഴെ പറയുന്ന കെട്ടിടങ്ങളുടെ നികുതി നിരക്കിൽ കുറവ് വന്നിരിക്കുന്നു. കെട്ടിട ഉടമ നികുതി നിർണ്ണയത്തിനായി സമർപ്പിച്ചിരിക്കുന്ന അപേക്ഷയിൽ ഗ്രൗണ്ട് ഫ്ലോർ ഷോറൂം എന്നും രണ്ട് സെല്ലാർ നിലകളും ഗോഡൗൺ എന്നുമാണ് കാണിച്ചിരിക്കുന്നത്. എന്നിട്ടും സെല്ലാർ നിലകൾക്ക് താഴെ പറയും പ്രകാരം ച.മീറ്ററിന് ₹50/- പകരം ₹10/- മാത്രമാണ് നികുതി നിർണ്ണയിച്ച് ഈടാക്കിയിരിക്കുന്നത്. നികുതി പുനർ നിർണ്ണയിച്ച് ഈടാക്കി വിവരം അറിയിക്കേണ്ടതാണ്. വിശദാംശം താഴെ കൊടുക്കുന്നു.

| ക്രമ നം. | കെട്ടിട നമ്പർ | പേര് | വിസ്തതി (ച.മീ.) | കെട്ടിടത്തിന്റെ ഉപയോഗ തരം | ചുമത്തേണ്ട നികുതി നിരക്ക് ച.മീറ്ററിന് ₹ | ചുമത്തിയ നികുതി നിരക്ക് (₹) | ഈടാക്കിയ വാർഷിക നികുതി (₹) | ഈടാക്കേണ്ട വാർഷിക നികുതി (₹) | നികുതി ഈടാക്കിയതിലെ കുറവ് (₹) |
|---|---|---|---|---|---|---|---|---|---|
| 1 | 7/48(1) | ബേബിച്ചൻ, പുത്തൻപുര, കുഞ്ചിത്തണ്ണി | 106.25 | ഗോഡൗൺ | 50 | 10 | 1063 | 5313 | 4250 |
| 2 | 7/49(1) | ബേബിച്ചൻ, പുത്തൻപുര, കുഞ്ചിത്തണ്ണി | 106.25 | | 50 | 10 | 1063 | 5313 | 4250 |
| | ആകെ | | | | | | | | 8500 |

### 2-2 പൂർത്തീകരണ പ്ലാൻ പ്രകാരമുള്ള നിർമ്മാണം നടത്താതെ കെട്ടിടത്തിന് നികുതി നിർണ്ണയിച്ച് കെട്ടിട നമ്പർ നൽകിയിരിക്കുന്നു.

ശ്രീ. പി.എസ്.അബ്ദുൾ ഷുക്കൂർ, പറമ്പിൽ വീട്, ചിത്തിരപുരം പി.ഒ. എന്നയാളുടെ ഉടമസ്ഥതയിൽ സർവ്വേ നം. 167/1-13 ൽപ്പെട്ട 22.25 ആർ. സ്ഥലത്ത് പണികഴിച്ചിട്ടുള്ള IV/484(2) നമ്പർ കെട്ടിടത്തിന് 13.04.2016 ൽ നികുതി നിർണ്ണയിച്ച് നൽകിയിട്ടുള്ളതാണ്. കംപ്ലീഷൻ പ്ലാൻ പ്രകാരം പ്രസ്തുത കെട്ടിടത്തിൽ 25കാറുകൾ പാർക്ക് ചെയ്യുന്നതിനുള്ള സൗകര്യമുണ്ട് എന്നാണ് കാണിച്ചിരിക്കുന്നത്. എന്നാൽ പ്രസ്തുത കെട്ടിടത്തിൽ 12 കാറുകൾക്കുള്ള പാർക്കിംഗ് സൗകര്യം മാത്രമാണ് നിലവിലുള്ളത്. കൂടാതെ പ്ലാനിൽ ഓപ്പൺ റൂഫിംഗായി കൊടുത്തിട്ടുള്ള ഭാഗം ഭിത്തി പണിത് മേഞ്ഞിരിക്കുന്നതായും കാണപ്പെട്ടു. ഇപ്രകാരം കംപ്ലീഷൻ പ്ലാനുമായി കെട്ടിടത്തിന് കാണപ്പെട്ട വ്യത്യാസത്തിന് വിശദീകരണം നൽകേണ്ടതാണ്. കെട്ടിടത്തിന്റെ വിശദാംശവും കംപ്ലീഷൻ അംഗീകരിച്ച് നമ്പർ നൽകിയിട്ടുള്ളതിലെ ചട്ട ലംഘനവും ചുവടെ ചേർക്കുന്നു.

| | |
|---|---|
| കെട്ടിട ഉടമ | ശ്രീ. പി.എസ്.അബ്ദുൾ ഷുക്കൂർ, പറമ്പിൽ വീട്, |

| | |
|---|---|
| | ചിത്തിരപുരം പി.ഒ. |
| സർവ്വേ നം. | 167/1-13 |
| സ്ഥല വിസ്തൃതി | 22.25 ആർ. (2225 ച.മീറ്റർ) |
| പെർമിറ്റ് നം./തീയതി | A2-88/2009 / 22.12.2009 |
| പൂർത്തീകരിച്ച കെട്ടിടത്തിന്റെ വിസ്തൃതി (പ്ലാൻ പ്രകാരം) | 3630.08 ച.മീറ്റർ |
| തറ വിസ്തീർണ്ണാനുപാതം (FAR) | 1.63 |
| അധിക ഫീസില്ലാതെ അനുവദനീയമായ FAR | 1.5 (3337.5 ച.മീറ്റർ) |
| അധികരിച്ച നിർമ്മാണം | 292.58 ച.മീറ്റർ) |
| ഈടാക്കേണ്ട അധിക ഫീസ് (292.58X500) | ₹ 146290/- (തുക ഒടുക്കിയിട്ടുണ്ട്) |
| സെക്രട്ടറി കൈവശാവകാശ സർട്ടിഫിക്കറ്റ് നൽകിയ തീയതി | 15-04-2016 |
| കെട്ടിട നമ്പർ | IV/484(2) |

2011 ലെ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 38 പ്രകാരം മേൽ സൂചിത കെട്ടിടത്തിന് 32 കാർ പാർക്കിംഗ് ആവശ്യമാണെങ്കിലും കാറ്റഗറി -II ഗ്രാമ പഞ്ചായത്തുകളുടെ സംഗതിയിൽ ആയതിന്റെ 75% കാർ പാർക്കിംഗ് ഏർപ്പെടുത്തിയിട്ടുള്ള പക്ഷം അത് മതിയാകും എന്ന വ്യവസ്ഥകൂടി കണക്കിലെടുത്ത് 24 കാർ പാർക്കിംഗ് അനിവാര്യമാണ്. എന്നാൽ ഓഡിറ്റ് വേളയിൽ എൽ.എസ്.ജി.ഡി. ഓവർസീയറുടെ സാന്നിദ്ധ്യത്തിൽ നടത്തിയ നേരിട്ടുള്ള പരിശോധനയിൽ പ്രസ്തുത കെട്ടിടത്തിന്റെ കംപ്ലീഷൻ പ്ലാനിൽ കാണിച്ചിരിക്കുന്ന 24 കാറുകൾക്കുള്ള പാർക്കിംഗ് സ്ഥലത്തിന് പകരം കേവലം 12 കാറുകൾക്കുള്ള പാർക്കിംഗ് സൗകര്യം മാത്രമാണ് ഉള്ളത് എന്ന് അളന്ന് ബോദ്ധ്യപ്പെട്ടു. കൂടാതെ പ്ലാനിൽ പാർക്കിംഗിനായി കാണിച്ചിരിക്കുന്ന സ്ഥലത്തിന്റെ കൂടുതൽ ഭാഗവും കുത്തനെയുള്ള പാറയാണ്. സ്ഥലത്തിന്റെ കിടപ്പനുസരിച്ച് അത് പാർക്കിംഗ് സ്ഥലമാക്കി മാറ്റുവാൻ കഴിയാത്തതുമാണ്. പൂർത്തീകരണ സാക്ഷ്യപത്രം നൽകിയപ്പോഴും ഈ സ്ഥലം ഇങ്ങനെ തന്നെ ആയിരുന്നു എന്ന് വ്യക്തമാണ്. ഈ സാഹചര്യത്തിലും അസി.എൻജിനീയറും സെക്രട്ടറിയും പ്രസ്തുത കെട്ടിടം പൂർത്തീകരണ പ്ലാൻ പ്രകാരം തന്നെയാണ് പണിതിട്ടുള്ളതെന്ന് പരിശോധിച്ച് ബോദ്ധ്യപ്പെട്ടതായി സാക്ഷ്യപ്പെടുത്തിയിരിക്കുന്നു. ഇത് ഗുരുതരമായ ചട്ട ലംഘനമാണ്. മുൻ ഓഡിറ്റ് റിപ്പോർട്ടുകളിലൂടെ സമാന വിഷയം ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ടെങ്കിലും ഇപ്പോഴും ഇപ്രകാരമുള്ള നടപടികൾ തുടരുന്നത് ഗൗരവമായി കാണേണ്ടതാണ്.

പാർക്കിംഗ് സംബന്ധിച്ച വിശദാംശങ്ങൾ

| ഇനം | മുറികൾ | കാർ പാർക്കിംഗ് |
|---|---|---|

| | | |
|---|---|---|
| 20 ച.മീറ്ററിൽ കൂടുതലുള്ള മുറികൾ / ടി. | 42 | 28 എണ്ണം |
| റസ്റ്റോറന്റ് സീറ്റിംഗ്/അളവ് ച.മീ./ ടി. | 77.25m2 | 4 എണ്ണം |
| അവശ്യം വേണ്ടത് (എണ്ണം) | | 32 എണ്ണം |
| ഗ്രേഡ് II ഗ്രാമ പഞ്ചായത്തുകളിൽ പാർക്കിംഗ് 75% ഏർപ്പെടുത്തിയാൽ മതിയാകും | | 24 എണ്ണം |
| നിലവിലുള്ളത് | | 12 എണ്ണം |
| കുറവ് പാർക്കിംഗ് | | 12 എണ്ണം |
| കുറവ് പാർക്കിംഗിന് ഒടുക്കേണ്ട ഫീസ് (12x500000) | | ₹6000000/- |
| ക്രമവൽക്കരിക്കുവാൻ ഒടുക്കേണ്ട തുക | | ₹6000000/- |

2014 ലെ കേരള പഞ്ചായത്ത് കെട്ടിട (അനധികൃത നിർമ്മാണ ക്രമവൽക്കരണ) ചട്ടങ്ങളിലെ ചട്ടം 5(1), അനുബന്ധം-1 (കോമ്പൗണ്ടിംഗ് ഫീസ്) പ്രകാരം കുറവ് വന്ന ഓരോ കാർപാർക്കിംഗിനും ₹500000/- നിരക്കിൽ 12 കാറുകളുടെ പാർക്കിംഗിന് സർക്കാരിൽ ഒടുക്കേണ്ടിയിരുന്ന ₹60,00,000/- ഈടാക്കാതെ കെട്ടിടത്തിന് നികുതി നിർണ്ണയിച്ച് കെട്ടിട നമ്പർ നൽകിയിരിക്കുന്നു. പ്രസ്തുത നടപടി റദ്ദ് ചെയ്യുകയും നിയമാനുസൃത ക്രമവൽക്കരണം നടത്തുകയും ചെയ്യേണ്ടതാണ്. അല്ലാത്ത പക്ഷം സംസ്ഥാന സർക്കാരിന് നഷ്ടമായ തുക ഉത്തരവാദിയായ സെക്രട്ടറി, അസി.എൻജിനീയർ എന്നിവരിൽ നിന്നും തുല്യമായി ഈടാക്കേണ്ടതാണ്.

## 2-3 ബഹുനില കെട്ടിടത്തിന് നമ്പർ നൽകി നികുതി നിർണ്ണയിച്ചതിൽ അപാകത

| | |
|---|---|
| കെട്ടിട ഉടമ | ശ്രീ. കെ.വി.ജോസ്,<br>മാനേജിംഗ് ഡയറക്ടർ,<br>വിച്ചൂസ് കൺസ്ട്രക്ഷൻസ് പ്രൈ.ലിമിറ്റഡ്<br>ഗോൾഡൻ ഹെവൻ അപ്പാർട്ട്മെന്റ്<br>ഫ്രണ്ട്സ് ലേയിൻ, മൂലേപ്പാടം റോഡ്,<br>കാക്കനാട്, എറണാകുളം |
| സർവ്വേ നം. | 216/ 1-2 |
| സ്ഥല വിസ്തൃതി | 22.97ആർ. (2297 ച.മീറ്റർ) |
| പെർമിറ്റ് നം./തീയതി | A3-67/2010 / 19.07.2010 |
| പൂർത്തീകരിച്ച കെട്ടിടത്തിന്റെ വിസ്തൃതി (പ്ലാൻ പ്രകാരം) | 5413 ച.മീറ്റർ |
| കെട്ടിട നമ്പർ | IX/ 15(1) |

ശ്രീ. കെ.വി. ജോസിന്റെ ഉടമസ്ഥതയിലുള്ള മേൽ സൂചിത കെട്ടിടം 20.04.2016 ൽ വസ്തുനികുതി നിർണ്ണയിച്ച് കെട്ടിട നമ്പർ നൽകിയിട്ടുള്ളതാണ്. കെട്ടിടത്തിന്റെ പൂർത്തീകരണ പ്ലാൻ പ്രകാരമുള്ള മുഴുവൻ നിർമ്മിതിക്കും നികുതി നിർണ്ണയിച്ച് നൽകിയിരിക്കുന്നു. ഗ്രൗണ്ട് ഫ്ലോർ മൂന്ന് ബെയ്സ്മെന്റ് ഫ്ലോർ, മുകളിലേക്ക് എട്ട് ഫ്ലോർ, ടെറസ്സ് എന്നിവ അടങ്ങുന്നതാണ് കെട്ടിടം. അഗ്നിശമന സേനാ ഡയറക്ടറിൽ നിന്നോ അദ്ദേഹം അധികാരപ്പെടുത്തിയിട്ടുള്ള ഉദ്യോഗസ്ഥനിൽ നിന്നോ അഗ്നിസുരക്ഷാ പ്രവൃത്തികളുടെ പൂർത്തീകരണ സാക്ഷ്യപത്രം ലഭിക്കാതെയാണ് കെട്ടിടത്തിന് നികുതി നിർണ്ണയം നടത്തിയിട്ടുള്ളത്. കെട്ടിടത്തിന് പൂർണ്ണമായും നികുതി നിർണ്ണയിച്ച് കെട്ടിട നമ്പർ നൽകി ഒരു വർഷത്തിന് ശേഷം 28.06.2017ൽ ഓഡിറ്റ് വേളയിൽ ഓവർസീയറുടെ സാന്നിദ്ധ്യത്തിൽ നടത്തിയ സ്ഥലപരിശോധനയിൽ കെട്ടിടത്തിന്റെ പണി നിലവിൽ പൂർത്തീകരിക്കുകയോ കെട്ടിടം ഉപയോഗ യോഗ്യമാക്കുകയോ ചെയ്തിട്ടില്ല എന്ന് ബോദ്ധ്യപ്പെട്ടു. കൂടാതെ കെട്ടിടത്തിലേക്ക് പ്രവേശന മാർഗ്ഗവും നിലവിൽ ഇല്ല. പൂർത്തീകരണ പ്ലാനിൽ പ്രവേശന മാർഗ്ഗമായി കാണിച്ചിരിക്കുന്ന സ്ഥലം മറ്റൊരാളുടെ ഉടമസ്ഥതയിലാണെന്ന് ലൊക്കേഷൻ പ്ലാനിൽ കാണുന്നു. പ്ലാൻ പ്രകാരം രണ്ട്, മൂന്ന് ബെയ്സ്മെന്റ് നിലകളാണ് പാർക്കിംഗിനായി കാണിച്ചിരിക്കുന്നത്. എന്നാൽ പ്രസ്തുത നിലകളിലേക്ക് പ്രവേശിക്കുവാൻ നിലവിൽ വഴിയില്ലായെന്നും പരിശോധനയിൽ ബോദ്ധ്യപ്പെട്ടു. ഈ വസ്തുതകൾ നിലനിൽക്കെ കെട്ടിടത്തിന് നമ്പർ നൽകി നികുതി നിർണ്ണയം നടത്തിയതിന്റെ ആവശ്യകത വ്യക്തമല്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് സെക്രട്ടറി മറുപടി ലഭ്യമാക്കിയിട്ടില്ല. കെട്ടിടത്തിന് നൽകിയ നമ്പർ റദ്ദ് ചെയ്ത് ആവശ്യമായ തുടർ നടപടി സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

## 2-4 വസ്തു നികുതി നിർണ്ണയ രജിസ്റ്റർ കൃത്യമായി സൂക്ഷിക്കുന്നില്ല

പള്ളിവാസൽ ഗ്രാമ പഞ്ചായത്തിലെ വസ്തുനികുതി നിർണ്ണയ രജിസ്റ്റർ കൃത്യമായി എഴുതി സൂക്ഷിക്കുന്നില്ല. ചുമത്തിയിട്ടുള്ള നികുതി ഉൾപ്പെടെയുള്ള വിവരം രജിസ്റ്ററിൽ രേഖപ്പെടുത്താതെ ഭാഗീകമായ വിവരം മാത്രമാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. സഞ്ചയ സോഫ്റ്റ് വെയർ പ്രകാരമുള്ള അസസ്സ്മെന്റ് വിവരവും ഉപയോഗിക്കാവുന്ന നിലയിലുള്ള രേഖയായി പ്രിന്റെടുത്ത് സൂക്ഷിക്കുന്നില്ല. സോഫ്റ്റ് വെയർ പ്രകാരം തയ്യാറാക്കുന്ന അസസ്സ്മെന്റ് വിവരം നികുതി നിർണ്ണയിക്കുന്ന തീയതിയുടെ ക്രമത്തിലുള്ള രേഖയായി ലഭിക്കുന്നില്ല. മുൻ വർഷങ്ങളിലെ നികുതി നിർണ്ണയം ഉൾപ്പെടെ ക്രമം തെറ്റിയാണ് ലഭിക്കുന്നത്. കൂടാതെ നികുതി നിർണ്ണയം നടത്തിയ തീയതി പിന്നീട് മാറ്റം വരുത്താവുന്ന നിലയിലാണ് ഉള്ളത് എന്നതുകൊണ്ട് കെട്ടിടത്തിന്റെ കാലപ്പഴക്കം ശരിയായി നിർണ്ണയിക്കാൻ കഴിയാത്ത അവസ്ഥയുമുണ്ട്. ഇത് ഭാവിയിൽ നികുതി പരിഷ്കരണ വേളയിലും മറ്റും ബുദ്ധിമുട്ട് ഉണ്ടാക്കുന്നതാണ്. സഞ്ചയ സോഫ്റ്റ് വെയർ കൃത്യതയാർജ്ജിക്കുന്നത് വരെ നിലവിലുള്ള അസസ്സ്മെന്റ് രജിസ്റ്റർ മുഴുവൻ വിവരങ്ങളും ഉൾപ്പെടുത്തി കാലികമാക്കി സൂക്ഷിക്കേണ്ടതാണ്.

## 2-5 വാടക കുടിശ്ശിക ഈടാക്കിയിട്ടില്ല.

പള്ളിവാസൽ ഗ്രാമ പഞ്ചായത്തിൽ 2014-15, 2015-16 വർഷങ്ങളിൽ താഴെ പറയുന്ന കെട്ടിടങ്ങളുടെ വാടക കുടിശ്ശിക പിരിച്ചെടുക്കുവാൻ അവശേഷിക്കുന്നതായി വാർഷിക കണക്കിലും വാടക രജിസ്റ്ററിലും രേഖപ്പെടുത്തിയിരിക്കുന്നു. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വഷണക്കുറിപ്പിന് ലഭ്യമാക്കിയ മറുപടിയിൽ ക്രമ നം. 1 ൽ പറയുന്ന വാടകക്കാർക്ക് എതിരെ റവന്യൂ റിക്കവറി നടപടി സ്വീകരിച്ചിട്ടുള്ളതായും ക്രമ നം.2 ലെ വാടകക്കാർ പ്രസ്തുത കാലയളവിൽ ടി കെട്ടിടം

ഉപയോഗിക്കുവാൻ കഴിയാത്ത അവസ്ഥയിലായിരുന്നതായും ടി കെട്ടിടത്തിൽ അവരുടെ ഉടമസ്ഥതയിലുള്ള അക്ഷയ സെന്ററിലെ കമ്പ്യൂട്ടറുകളും മറ്റും കെട്ടിടത്തിന്റെ ചോർച്ച മൂലം നശിച്ചു പോയിട്ടുള്ളതാണെന്ന് വില്ലേജ് അധികാരികളുടെ അന്വേഷണ റിപ്പോർട്ട് ലഭിച്ചിട്ടുണ്ടെന്നും തുക ഇളവ് ചെയ്ത് കൊടുക്കുന്ന കാര്യം പഞ്ചായത്ത് ഭരണ സമിതിയുടെ പരിഗണനയിൽ ഉള്ള വിഷയമാണെന്നും പ്രസ്താവിച്ചിരിക്കുന്നു. ക്രമം നം.3 ലെ വാടകക്കാരൻ നിലവിൽ അങ്ങനെ ഒരു കെട്ടിടം ഉപയോഗിച്ചിരുന്നില്ലെന്നും ആരാലും ഉപയോഗിക്കാതെ കിടന്ന ഒരു ഗോവണിമുറിയുടെ നമ്പറിൽ ടിയാന്റെ പേര് തെറ്റായി രേഖപ്പെടുത്തപ്പെട്ടതാണെന്നും അറിയിച്ചിട്ടുണ്ട്. ഈ സാഹചര്യത്തിൽ നിലവിൽ വാർഷിക കണക്കിലും വാടക രജിസ്റ്ററിലും ഉൾപ്പെട്ടിട്ടുള്ള ഈ കുടിശ്ശിക വിവരം നിയമാനുസൃതം ക്രമവൽക്കരിക്കുവാൻ ആവശ്യമായ നടപടി സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

| ക്രമ നം. | പേരും മേൽവിലാസവും | കെട്ടിടം | വാടക | 2014-15 | 2015-16 | ആകെ |
|---|---|---|---|---|---|---|
| 1 | ഷൈല മോഹൻ, വാഴക്കാപ്പറമ്പിൽ, കല്ലാർ | I/423-A | 208 | 0 | 2496 | 2496 |
| 2 | ബിന്ദു പി., അക്ഷയ സെന്റർ, കല്ലാർ | 2/- | 1128 | 6943 | 13536 | 20479 |
| 3 | പൊന്നുദുരൈ, ഫാക്ടറി ഡിവിഷൻ | 4/- | 1000 | 6000 | 12000 | 18000 |
| | ആകെ | | | | | 40975 |

## 2-6 ഡി.& ഒ. ലൈസൻസ് നിയമാനുസൃത കാലയളവിൽ പുതുക്കുന്നതിൽ വീഴ്ച

1996 ലെ കേരള പഞ്ചായത്ത് രാജ് (ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ ചട്ടം 10 പ്രകാരം ലൈസൻസ് പുതുക്കുന്നതിനുള്ള അപേക്ഷ ഏതൊരു സാമ്പത്തിക വർഷവും അവസാനിക്കുന്നതിന് മുപ്പത് ദിവസത്തിനു മുമ്പായി സമർപ്പിക്കേണ്ടതാണ്. എന്നാൽ 2016 -17 വർഷം പുതുക്കിയിട്ടുള്ള ലൈസൻസുകളിലെ അപേക്ഷകളിൽ അധികവും നിയമാനുസൃത സമയ പരിധി കഴിഞ്ഞാണ് ലഭിച്ചിട്ടുള്ളത്. തുടർ വർഷങ്ങളിൽ നിയമാനുസൃത സമയപരിധിക്കുള്ളിൽ എല്ലാ സ്ഥാപനങ്ങളും ലൈസൻസ് എടുക്കുന്നുണ്ടെന്ന് ഉറപ്പാക്കേണ്ടതാണ്.

## 2-7 സർക്കാർ നിർദ്ദേശത്തിന്റെ പിൻബലമില്ലാതെ വസ്തുനികുതി ഒഴിവാക്കി-

ഗ്രാമപഞ്ചായത്തിന്റെ വസ്തു നികുതി വിവരങ്ങൾ ക്രോഡീകരിച്ച് സൂക്ഷിച്ചിട്ടുള്ള "സഞ്ചയ" സോഫ്റ്റ് വെയറിൽ നിന്ന് ലഭിച്ച " നികുതി ഒഴിവാക്കപ്പെട്ട “ കെട്ടിടങ്ങളുടെ പട്ടിക പരിശോധിച്ചതിൽ , ചട്ടങ്ങളുടെയും സർക്കാർ ഉത്തരവുകളുടെയും പിൻബലമില്ലാതെ നികുതി ഇളവ് അനുവദിച്ചതായി കാണുന്നു. 660ചതുരശ്ര അടിവരെ വിസ്തീർണമുള്ളതും കുടുംബനാഥൻ/നാഥ പാർപ്പിടാവശ്യത്തിന് ഉപയോഗിക്കുന്നതുമായ ഒരു കെട്ടിടത്തിനു മാത്രം ഇളവു നൽകാൻ തദ്ദേശ സ്വയംഭരണവകുപ്പിന്റെ 16.12.2015-ലെ ജി.ഒ(എം എസ്)358/2015 നമ്പറായി പുറപ്പെടുവിച്ച ഉത്തരവിൽ വ്യവസ്ഥയുണ്ട്. എന്നാൽ പ്രസ്തുത പരിധിയിൽക്കൂടുതൽ തറ വിസ്തീർണമുള്ളതും ഗണ്യമായ തുക നികുതി നിർണയിക്കാവുന്നതുമായ കെട്ടിടങ്ങളെയും ഇതര ആവശ്യങ്ങൾക്കുപയോഗിക്കുന്ന കെട്ടിടങ്ങളെയും ഒഴിവാക്കിയതായി കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | പഴയ വാർഡ് നം, വീട് നം | കെട്ടിമുടമയുടെ പേര്,വിലാസം | വീടിന്റെ വിസ്തീർണം | അഭിപ്രായക്കുറിപ്പുകൾ |
|---|---|---|---|---|

| | (പുതിയത്) | | (ച.മി) | |
|---|---|---|---|---|
| 1 | 11/274 | അന്നമ്മ പോൾ<br>മുല്ലശ്ശേരിൽ | 260.22<br>വാസഗൃഹം | ദ്വിതീയ മേഖല<br>റോഡ് വീതി 1.5 മീറ്ററിലധികം<br>കാലപ്പഴക്കം 10 വർഷത്തിൽ താഴെ |
| 2 | 13/21 | സബ് ഡിവിഷണൽ<br>എൻജിനിയർ<br>ബി.എസ്.എൻ.എൽ | 50<br>ഓഫീസ് കെട്ടിടം | പ്രഥമ മേഖല<br>റോഡ് വീതി 5 മീറ്ററിലധികം<br>കാലപ്പഴക്കം 10-25<br>വർഷത്തിനിടയിൽ |

നികുതി ഈടാക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണെന്ന് ഓഡിറ്റ് അന്വേഷണക്കുറിപ്പിനുള്ള (നം.6) മറുപടിയിൽ സെക്രട്ടറി അറിയിച്ചിട്ടുണ്ട്. നികുതി നിർണ്ണയിച്ച് ഈടാക്കി വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്.

## ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 3-1 പി.എച്ച്.സി-യ്ക്ക് മരുന്ന് വാങ്ങൽ - മരുന്നുകൾ ലഭ്യമായിട്ടില്ല – ചെലവ് തടസ്സം - 100000/-

മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) നടപ്പാക്കിയ പി.എച്ച്.സി-യ്ക്ക് മരുന്ന് വാങ്ങൽ എന്ന പദ്ധതിയ്ക്കായി ബിൽ നം.3/16-17/31.3.17 പ്രകാരം ₹1,00,000/- പിൻവലിച്ച് കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡ്, തിരുവനന്തപുരം എന്ന സ്ഥാപനത്തിന് നൽകിയിട്ടുണ്ട്. എന്നാൽ നാളിതുവരെ മരുന്നുകൾ ലഭ്യമായിട്ടില്ല. ആയതിനാൽ 1,00,000/- ന്റെ ചെലവ് തടസ്സപ്പെടുത്തുന്നു. മരുന്നുകൾ ലഭ്യമാകാനുള്ള നടപടികൾ സ്വീകരിച്ച് ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

### 3-2 വ്യക്തിഗത കക്കൂസ് നിർമ്മാണം - അനർഹർക്ക് തുക നൽകിയത്

| | | |
|---|---|---|
| പദ്ധതി | വ്യക്തിഗത കക്കൂസ് നിർമ്മാണം (S001/17) | |
| അടങ്കൽ | പ്ലാൻ ഫണ്ട് | 892600 |
| | തനത് ഫണ്ട് | 586000 |
| | ആകെ | 6760600 |
| ചെലവ് | | |
| പ്ലാൻ ഫണ്ട് | അലോട്ട്മെന്റ്. നം. 81600008/29.9.16 | 892600 |

| | | |
|---|---|---|
| തനത് ഫണ്ട് | ചെക്ക് നം.209842/29.9.16 | 770000 |
| | 209829/1.9.16 | 585200 |
| | 209837/8.9.16 | 1540000 |
| | 209845/29.9.16 | 770000 |
| | 224297/5.10.16 | 924000 |
| | 224299/6.10.16 | 1047200 |
| | 224311/27.10.16 | 231600 |
| | ആകെ | 5868000 |
| | | 6760600 |
| ഗുണഭോക്താക്കൾ - 439 | 439 x 15400 | 6760600 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വി.ഇ.ഒ. | |

വി.ഇ.ഒ. നടപ്പാക്കിയ വ്യക്തിഗത കക്കൂസ് നിർമ്മാണം എന്ന പദ്ധതിയുടെ ഫയലുകൾ പരിശോധിച്ചപ്പോൾ ജില്ലാ കളക്ടർ & എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വ മിഷന്റെ ഉത്തരവിൻപ്രകാരം പദ്ധതി നടത്തിപ്പിലെ ക്രമക്കേടുകൾ സംബന്ധിച്ച് പരിശോധന നടത്തുകയും പദ്ധതി ആനുകൂല്യം കൈപ്പറ്റിയ 439 ഗുണഭോക്താക്കളിൽ 84 പേർ അനർഹരാണെന്ന് കണ്ടെത്തി റിപ്പോർട്ട് ചെയ്തതായും കാണാൻ കഴിഞ്ഞു. പദ്ധതി വിഹിതമായി നൽകിയ 15400/-വീതം 84 പേർക്ക് നൽകിയ ₹1293600/- തുക തിരികെ ഈടാക്കാൻ 4.1.17-ലെ 2437/15/ODF/SBM/IDK ഉത്തരവിൽ സെക്രട്ടറിയെ ചുമതലപ്പെടുത്തി ഉത്തരവായിട്ടുണ്ട്. എന്നാൽ നാളിതുവരെ തുകയൊന്നും ഈടാക്കിയിട്ടില്ല. തുക തിരികെ ഈടാക്കി, പണം പിൻവലിച്ച് അക്കൗണ്ടിൽ ഒടുക്കേണ്ടതാണ്.

## 3-3 ജവഹർ ഭവന പദ്ധതി - അനാവശ്യമായി പണം പിൻവലിച്ച് ബാങ്കിൽ നിക്ഷേപിച്ചിരിക്കുന്നത്.

സർക്കാർ ഉത്തരവ് നം.21/ഡിബി1/16/തസ്വഭവ/8-2-16 പ്രകാരം ജവഹർ ഭവന പദ്ധതിയ്ക്കായി ₹84,00,000/- വായ്പയെടുക്കാൻ അനുമതി നൽകിയിരുന്നു. പദ്ധതിക്കായി 42 ഗുണഭോക്താക്കളെ തെരഞ്ഞെടുത്തിരുന്നെങ്കിലും 36 പേർ മാത്രമാണ് ഭവന നിർമ്മാണത്തിന് എഗ്രിമെന്റ് വച്ചിട്ടുള്ളത്. അതനുസരിച്ച് ₹72,00,000/- മാത്രമാണ് വായ്പ ആവശ്യമുണ്ടായിരുന്നുള്ളൂ.

എന്നാൽ ഇടുക്കി ജില്ല സഹകരണ ബാങ്കിൽ നിന്നും 2-12-2016-ൽ ₹79,00,000/- 11% പലിശനിരക്കിൽ

ഭവനവായ്പയെടുത്ത് സെക്രട്ടറിയുടെയും പ്രസിഡന്റിന്റെയും പേരിലുള്ള ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിച്ചു. ഈ തുകയിൽ നിന്നും നാളിതുവരെയായി ₹48,20,000/- മാത്രമാണ് ഗുണഭോക്താക്കൾക്ക് നൽകിയിട്ടുള്ളത്. (4/2016-ൽ തനത് ഫണ്ടിൽ നിന്നും ₹5,00,000/- പിൻവലിച്ച് 17 പേർക്ക് ആദ്യ ഗഡുക്കൾ നൽകിയിട്ടുണ്ട്.) ₹3080000/- ബാങ്കിൽ ബാക്കിനിൽപ്പുണ്ട്. 12/2016 മുതൽ 11% നിരക്കിൽ 79,00,000/- രൂപയ്ക്ക് പലിശ നൽകിവരുന്നുണ്ട്. ആവശ്യാനുസരണം മാത്രം വായ്പയെടുത്താൽ മതിയെന്നിരിക്കെ 12/2016-ൽ തന്നെ 79 ലക്ഷം രൂപ മുൻകൂറായി പിൻവലിച്ച് അനാവശ്യമായി പലിശ നൽകിവരുന്നത് അംഗീകരിക്കാവുന്നതല്ല. പദ്ധതി നിർവഹണ ഉദ്യോഗസ്ഥന്റെ ആവശ്യപ്രകാരമുള്ള തുക മാത്രം വായ്പയായി നിലനിർത്തി അനാവശ്യമായി പിൻവലിച്ച വായ്പ തിരികെ ബാങ്കിൽ ഒടുക്കി പലിശ ഒഴിവാക്കേണ്ടതാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

- ഇല്ല -

### 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല

### 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

### 4-4 വായ്പ/വായ്പ തിരിച്ചടവ്

ഇല്ല

### 4-5 സ്ഥിര നിക്ഷേപങ്ങൾ

ഇല്ല

### 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 14520/- രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 2013-14 | 2-2 | 3000 | മാനേജർ, വിസ്പറിംഗ് മീഡോസ് | 11605100360/28-4-16 |
| 2013-14 | 2-2 | 6000 | മനോജ് ജോസഫ്, ഷാൻ റോക്ക് | 11605100363/28-4-16 |
| 2013-14 | 2-2 | 2520 | പ്രമോദ് റ്റി.സി., സ്വിസ് കൗണ്ടി | 11605100389/29-4-16 |
| 2013-14 | 2-2 | 3000 | മാനേജർ, വിസ്പറിംഗ് മീഡോസ് | 11605100545/5-5-16 |
| ആകെ | | 14520 | | |

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

ഗ്രാമപഞ്ചായത്തിന്റെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ 1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 23 പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക നം. | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | വിഷയം | നിലവിലെ അവസ്ഥ |
|---|---|---|---|---|---|
| 1997-98 | - | 1999-00 | - | ഉപാധിരഹിത ഫണ്ട് ഉപയോഗിച്ചുള്ള പൊതുമരാമത്ത് പ്രവൃത്തികൾ – ക്രമരഹിതമായി പണം ചെലവഴിച്ചു | - |
| 2006-07 | 2-7 | 2009-10 | 2.6 | വിവിധ ഷോപ്പിംഗ് കോംപ്ലക്സുകൾ മുദ്രപ്പത്രയിനത്തിലെ നഷ്ടം-₹9161/- | - |
| 2006-07 | 3-11 | 2009-10 | 2-8 | വൈദ്യുതിലൈൻ ദീർഘിപ്പിക്കൽ- ₹757450/- | - |

## 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | ₹6,14,64,948/- |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | ₹5,56,06,415/- |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | - |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 1,00,000/- |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |

| |
|---|
| ഇല്ല |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 100000 | ഡോ. അജിത് പ്രശാന്ത്, മെഡിക്കൽ ഓഫീസർ, പി.എച്ച്.സി. |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഖണ്ഡിക 2-2 പ്രകാരമുള്ളത്

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ഇല്ല | | |

## 4-9 തീർപ്പാക്കാനവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1996-1997 | എൽ.എഫ്.ഐ-8/442/98/18-11-1998/30-12-1998 | |
| 1997-1998 | എൽ.എഫ്.ഐ-8/307/99/4-01-00/31.03.00 | |
| 1998-1999 | എൽ.എഫ്.ഐ-8/737/00/9-07-01/29-08-01 | |
| 1999-2000 | എൽ.എഫ്.ഐ-8/46/02/30.01.02/10.07.02 | |
| 2000-2001 | എൽ.എഫ്.ഐ-8/651/02/6.01.03/31.01.03 | |
| 2001-2002 | എൽ.എഫ്.ഐ-8/632/03/25.03.2004/09.06.2004 | |
| 2002-2003 | എൽ.എഫ്.ഐ-8/403/05/06-12-2005/31-01-2006 | |
| 2003-2004 | എൽ.എഫ്.ഐ-7/893/06/11-12-2005/08-02-2007 | |
| 2004-2005 | എൽ.എഫ്.ഐ-7/408/07/08-06-2007/06-07-2007 | |
| 2005-2006 | എൽ.എഫ്.ഐ-7/357/08/07-08-2008/13-10-2008 | |
| 2006-2007 | എൽ.എഫ്.ഐ-8/1017/08/15-05-2009/10-09-2009 | |

| | | |
|---|---|---|
| 2007-2008 | എൽ.എഫ്.ഐ-11/148/2010/18-10-2010/04-03-11 | |
| 2008-2009 | എൽ.എഫ്.ഐ-11/547/2011/20-12-2011/22-03-12 | |
| 2009-2010 | എൽ.എഫ്.ഐ-11/602/2011/20-12-2010/22-03-12 | |
| 2010-2011 | എൽ.എഫ്.ഐ-11/1057/2012/05-2-2013/13-06-13 | |
| 2011-2012 | എൽ.എഫ്.ഐ-11/1057/2012/05-2-2013/13-06-13 | |
| 2012-2013 | എൽ.എഫ്.ഐ-11/532/14/13-08-14/13-10-2014 | |
| 2013-2014 | കെ.എസ്.എ.ഐ.ഡി.കെ-11/176/15/03-06-2016 | |
| 2014-2015 | കെ.എസ്.എ.ഐ.ഡി.കെ -11/923/2016/19.07.2016 | |
| 2015-16 | കെ.എസ്.എ.ഐ.ഡി.കെ -11/1491/16/09.12.16 | |

ഡെപ്യൂട്ടി ഡയറക്ടർ
ഇടുക്കി

## അനുബന്ധം 1

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

കെ.എസ്.എ.ഐ.ഡി.കെ- 11/915/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, ഇടുക്കി
തൊടുപുഴ, തീയതി:06.07.2017
Ph:04862-227332
e-mail:doidk.ksad@kerala.gov.in

1994-ലെ കേരള ലോക്കൽഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ്, 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ് ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും ഇടുക്കി ജില്ലയിലെ പള്ളിവാസൽ

ഗ്രാമ പഞ്ചായത്തിന്റെ **2016-17** വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ പള്ളിവാസൽ ഗ്രാമ പഞ്ചായത്തിന്റെ 2016-17-ലെ വാർഷിക ധനകാര്യപത്രിക, വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ.
ഇടുക്കി

KSA-IDK-11/915/2017

Kerala State Audit Department
District Audit Office, Idukki
Thodupuzha, Date:06.07.2017
Ph:04862-227332
e-mail:doidk.ksad@kerala.gov.in

# AUDIT CERTIFICATE

Certified that I have audited the Annual Financial Statement of PALLIVASAL Grama Panchayat in Idukki District for the year ended on 31.3.2017 in accordance with Section 4 of the Kerala Local Fund Audit Act 1994, Section 215 of the Kerala Panchayat Raj Act 1994 , the rules made there under and the guidelines issued by the Comptroller and Auditor General of India for the purpose of Audit of accounts of Panchayat Raj Institutions.

In my opinion, the Financial Statement of PALLIVASAL Grama Panchayat for the year 2016-17 except the observations in my Audit Report, properly presents the picture of Income & Expenditure.

**DEPUTY DIRECTOR**
**IDUKKI**